# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2287 — 19.06.2013-ൽ മറുപടിയ്ക്ക്

### മഴക്കാല രോഗ നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മഴക്കാല ജന്യ രോഗങ്ങളുടെ പ്രതിരോധത്തിനായി പി.എച്ച്.സി യിലും സി.എച്ച്.സി യിലും ഇതിനായി കുടുതൽ ആരോഗ്യ പ്രവർത്തകരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) പി.എച്ച്.സി യിലും സി.എച്ച്.സി യിലുമുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ ഈ വർഷം 777 ഡോക്ടർമാരെ പി.എസ്.സി വഴി നിയമിച്ചു. ആവശ്യമനുസരിച്ച് എൻ.ആർ.എച്ച്.എം. വഴി ഡോക്ടർമാരെയും, സ്റ്റാഫ് നേഴ്സ്, ജെ.പി.എച്ച്.എൻ, ലാബ് ടെക്നീഷ്യൻ തുടങ്ങിയവരെയും താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. കൂടാതെ കഴിഞ്ഞ വർഷം പകർച്ചവ്യാധി നിയന്ത്രണത്തിന് താൽക്കാലികമായി നിയമിച്ചിരുന്ന 1902 പേരുടെ സേവനം ജൂൺ 17 ാം തീയതി മുതൽ 4 മാസത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |
| (ബി)മഴക്കാല രോഗങ്ങൾ പടർന്നു പിടിക്കുന്ന തീര പ്രദേശങ്ങളിൽ കൈക്കൊണ്ടിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) തീര പ്രദേശങ്ങളിൽ മഴക്കാലം വരുന്നതിനും മുമ്പുതന്നെ മുൻ വർഷങ്ങളെപ്പോലെ കാലവർഷത്തിന് മുമ്പായിട്ടുള്ള മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, കൊതുകിന്റെ ഉറവിട നശീകരണം, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലും ആരോഗ്യ വകുപ്പും മറ്റു ഇതര വകുപ്പുകളും സംയുക്തത്തിൽ നടത്തുകയുണ്ടായി. ഖര മാലിന്യവുമായി ബന്ധപ്പെട്ട പ്രത്യേക പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വ മിഷന്റെ സഹായത്തോടെ നടപ്പിലാക്കി. ആരോഗ്യ പ്രവർത്തകർ ഗൃഹ സന്ദർശനം നടത്തി ബോധവൽക്കരണം നടത്തുകയും ഇതര വകുപ്പുകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ മഴക്കാല പൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണം, ഡ്രൈഡേ ആചരിക്കൽ, കൂത്താടി നശീകരണം . ആവശ്യമായ സ്ഥലങ്ങളിൽ സ്പ്രേയിംഗ്, ഫോഗിംഗ്, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ തുടങ്ങിയവ ചെയ്തു. കൂടാതെ ആരോഗ്യ പ്രവർത്തകർ രോഗനിരീക്ഷണം നടത്തുന്നു. |

സെക്ഷൻ ഓഫീസർ